## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3341 **14.07.2015 -ൽ** മറുപടി പറയേണ്ടിയിരുന്നത്

### ലോകായുക്തയിൽ താൽക്കാലിക ജീവനക്കാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറയം ഗോപകുമാർ : | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ലോകായുക്തയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) & ബി) ലോകായുക്തയിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോ-ടെർമിനസ് വ്യവസ്ഥയിലുമാണ് നടത്തി വരുന്നത്. ഇപ്രകാരം ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ ലോകായുക്തയുടെ ഉത്തരവ് പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനങ്ങൾ നടത്താറുണ്ട്. നിലവിൽ 3 ജീവനക്കാർ ദിവസ വേതന അടിസ്ഥാനത്തിലും 2 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി നോക്കി വരുന്നുണ്ട്. |
| ബി) പ്രസ്തുത നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ; | |
| സി) പ്രസ്തുത താൽക്കാലിക ജീവനക്കാരുടെ നിയമന വ്യവസ്ഥയെന്താണ്; ഇവരുടെ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | സി) 5 വർഷ കാലാവധിയിൽ നിയമിക്കപ്പെടുന്ന ബഹു. ലോകായുക്ത, ഉപ ലോകായുക്തമാർ അവരുടെ പേഴ്സണൽ സ്റ്റാഫിനെ കോ-ടെർമിനസ് വ്യവസ്ഥയിൽ ബഹു. ലോകായുക്തയുടെ ഉത്തരവ് അനുസരിച്ച് 5 വർഷത്തേയ്ക്കോ അല്ലെങ്കിൽ ബഹു. ലോകായുക്തയുടെ തീരുമാന പ്രകാരം എപ്പോൾ വേണമെങ്കിലുമോ സർവ്വീസിൽ നിന്നും പിരിച്ച് വിടാം എന്ന വ്യവസ്ഥയിലാണ് നിയമിക്കുന്നത്. |
| (ഡി) പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ? | ഡി) കേരള ലോകായുക്തയിൽ നിയമനങ്ങളുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ